

കേരള സർക്കാർ
ഹരിതകേരളം മിഷൻ

# പുഴ പുനരുജ്ജീവനം
## പ്രവർത്തനരേഖ

റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ,
പട്ടം പാലസ് പി.ഒ, തിരുവനന്തപുരം - 695 004
ഫോൺ : 0471 2449939, E-mail : haritham@kerala.gov.in
www.haritham.kerala.gov.in

കേരള സർക്കാർ

# പുഴ പുനരുജ്ജീവനം

## പ്രവർത്തനരേഖ

ഹരിതകേരളം മിഷൻ
ജനുവരി 2019

**പുഴ പുനരുജ്ജീവനം**
പ്രവർത്തനരേഖ

**എഡിറ്റർ**
ഡോ. ടി എൻ സീമ

**തയ്യാറാക്കിയത്**
ഹരിതകേരളം മിഷൻ റിസോഴ്സ് ഗ്രൂപ്പ്

**രേഖാ ചിത്രങ്ങൾ**
ഷമീർ ബാബു
മൂവിങ് ക്രാഫ്റ്റ് (ഗ്രാമീണ പഠനകേന്ദ്രം)

**കവർ**
സുധീർ പി വൈ

**ഡിസൈൻ**
ഫൗസിയ പി എ

**പ്രസിദ്ധീകരണം**
ഹരിതകേരളം മിഷൻ
റ്റി സി 2/3271(3)(4)
ഹരിതം, കുട്ടനാട് ലെയിൻ
പട്ടം പാലസ് പി ഒ
തിരുവനന്തപുരം-695004
ഇ-മെയിൽ : haritham@kerala.gov.in

ജനുവരി 2019

കോപ്പി 5000

സൗജന്യ വിതരണത്തിന്

# മുഖവുര

നമ്മുടെ രാജ്യത്തുള്ള മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്ഥമായി കേരളത്തെ ഹരിതാഭവും മനോഹരവുമാക്കിത്തീർക്കുന്നതിൽ നമ്മുടെ പുഴകൾക്കുള്ള പങ്ക് വളരെ വലുതാണ്. എന്നാൽ അനുദിനം നഗരവൽക്കരിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ പ്രദേശങ്ങളും അതിന്റെ ഭാഗമായി ഉണ്ടാകുന്ന നിർമ്മിതികളുടെ ബാഹുല്യവും ഈ പുഴകളെ മലിനമാക്കുന്നതിനും മരണാസന്നമാക്കുന്നതിനും കാരണമായി. ഈ പുഴകൾ സംരക്ഷിക്കുന്നതിന് നമ്മുടെ സംസ്ഥാനത്ത് ജനങ്ങളുടെ ഭാഗത്തുനിന്നും ഒറ്റപ്പെട്ട ശ്രമങ്ങൾ പലതും ഉണ്ടായിട്ടുണ്ടെങ്കിലും ശ്രദ്ധേയമായ രീതിയിൽ ഒരു ജനകീയ മുന്നേറ്റമായി മാറാൻ അവയിൽ പലതിനുമായില്ല. ഈ അവസരത്തിൽ സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ മണ്ണും ജലവും മാലിന്യമുക്തമാക്കി സുരക്ഷിത കൃഷിയൊരുക്കുന്നതിനായി ആരംഭിച്ച ഹരിതകേരളം മിഷൻ ഈ മേഖലയിൽ പുഴപുനരുജ്ജീവന പ്രവർത്തനം സംഘടിപ്പിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും പ്രാദേശിക ജനകീയ കൂട്ടായ്മകൾക്കും പ്രചോദനമായി. ഹരിതകേരളം മിഷൻ മുന്നോട്ട് വച്ച ലക്ഷ്യങ്ങളിൽ ആകൃഷ്ടരായി സംസ്ഥാനത്തിന്റെ പല ഭാഗത്തും ജനകീയ പുഴവീണ്ടെടുക്കൽ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കപ്പെട്ടു. ഇതിന്റെ ചുവട് പിടിച്ച് വ്യാപകമായി ജനകീയ പുഴവീണ്ടെടുക്കൽ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ജനകീയ സമിതികളും ഇന്ന് മുന്നോട്ട് വരുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നതിന് സഹായകമായ രീതിയിൽ മുമ്പ് നടന്ന പുഴവീണ്ടെടുക്കൽ പ്രവർത്തനങ്ങളിൽ നിന്നുമുൾക്കൊണ്ട പാഠങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ഒരു പ്രവർത്തന രേഖയാണിത്. സംസ്ഥാനത്ത് തുടർന്നു നടത്തുന്ന പുഴ പുനരുജ്ജീവന പ്രവർത്തനങ്ങൾക്ക് ഈ പ്രവർത്തനരേഖ ഒരു മാർഗ്ഗദർശിയാകും എന്ന് പ്രത്യാശിക്കുന്നു.

**ഡോ.ടി.എൻ സീമ**
എക്സിക്യൂട്ടീവ് വൈസ് ചെർപേഴ്സൺ
ഹരിതകേരളം മിഷൻ

# പുഴ പുനരുജ്ജീവനം

ഒരുകാലത്ത് നാടിന്റെ ജീവജല സ്രോതസ്സുകളായിരുന്ന നദികളിൽ ഭൂരിഭാഗവും ഇന്ന് രോഗഗ്രസ്തമാണ്, മരണാസന്ന മാണ്. മലിനീകരണം, മണ്ണിടിച്ചിൽ, തീരം നികത്തൽ, കൈവ ഴികൾ നികത്തൽ, അഴുക്കുചാലുകൾ തുറന്ന് മലിന ജലം ഒഴു ക്കൽ, പുഴയോര കയ്യേറ്റം തുടങ്ങി നിരവധി കാരണങ്ങളാൽ ഇവ ഗുരുതരസ്ഥിതി നേരിടുകയാണ്. നമ്മുടെ നദികളെ ശുദ്ധമായി, സുരക്ഷിതമായി നിലനിർത്താനും പരിപാലിക്കാനും സംയുക്ത ജനകീയ സംരംഭവും പ്രവർത്തനങ്ങളും ഉണ്ടായി വരേണ്ട തുണ്ട്.

## പുഴകൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

1. മലിനീകരണം
2. വെള്ളപ്പൊക്കം
3. കയ്യേറ്റവും മണലൂറ്റും
4. നദിയിൽ വന്നുചേരുന്ന ചെറു ചാലുകൾ അടഞ്ഞു പോകൽ (നികന്നുപോകുക/ നികത്തപ്പെടുക)
5. നിർമ്മിതികൾ



## മലിനീകരണം


- പുഴയോരങ്ങളിലെ താമസക്കാരായ ജനങ്ങളിൽ ഒരു ഭാഗം ആൾക്കാർ കുളിക്കുന്നതിനും വസ്ത്രമലക്കുന്നതിനും പുഴകളിലെ ജലം ഇപ്പോഴും ഉപയോഗിക്കുന്നുണ്ട്. ഈ പുഴകളിലെ മലിനീകരണം ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളാണ് ഇവർക്ക് ഉണ്ടാക്കുന്നത്.

- നദികളിൽ പല സ്ഥലത്തും മലിനീകരണം ദൃശ്യമാണ്. നഗരപ്രദേശങ്ങളിൽ ഇത് വളരെ കൂടുതലാണ്.

- അനേകം അഴുക്കുചാലുകൾ ഓടകളിലേയ്ക്കും പുഴകളിലേയ്ക്ക് നേരിട്ടും കൈവഴി കളിലേയ്ക്കും (അതുവഴി പുഴയിലേയ്ക്കും) തുറന്നിട്ടുണ്ട്.

- പല സ്ഥലത്തും ഖരമാലിന്യങ്ങൾ പുഴയോരങ്ങളിലോ പുഴകളിൽ തന്നയോ നിക്ഷേപിച്ചിട്ടുണ്ട്. മഴക്കാലത്ത് ഇവ പുഴയിൽ കലരുകയും മലിനീകരണം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

- അശാസ്ത്രീയമായ ശൗചാലയ സംവിധാനങ്ങൾ കാരണം കക്കൂസ് മാലിന്യങ്ങൾ പുഴകളിൽ കലരുന്നു.





- നഗരങ്ങളിലെ അനവധി അഴുക്ക് ചാലുകൾ നദികളിലാണ് ചേരുന്നത്.
- ഒട്ടുമിക്ക പുഴകളുടേയും തുടക്കം മുതൽ അവസാനം വരെ കോളീഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം വളരെ കൂടുതലാണ്.
- നഗര പ്രദേശങ്ങളിൽ കൂടി ഒഴുകുന്ന കൈവഴികളായ തോടുകളിലെ മലിനീകരണം വളരെ കൂടുതലാണ്.
- വ്യവസായ സ്ഥാപനങ്ങളിൽ നിന്നുമുള്ള മലിനീകരണവും പലസ്ഥലത്തും കാണുന്നു.

## വെള്ളപ്പൊക്കം

മഴക്കാലത്ത് നമ്മുടെ പുഴകളിൽ (പ്രത്യേകിച്ച് ചെറിയ പുഴകളിൽ) ഉണ്ടാകുന്ന വെള്ളപ്പൊക്കം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ സങ്കീർണ്ണമാണ്. സംസ്ഥാനത്തെ പുഴകളിൽ വെള്ളപ്പൊ



ക്കമുണ്ടാകുന്നതിന്റെ ഇടവേള കുറഞ്ഞു വരുന്നതും മഴക്കാലത്ത് നീരൊഴുക്ക് കൂടുന്നതും വേനൽക്കാലത്ത് പുഴകൾ വറ്റി വരളുന്നതും പുഴകളുടെ അനാരോഗ്യത്തിന്റെ സുചനകളാണ്.

## വെള്ളപ്പൊക്കത്തിന്റെ പ്രധാന കാരണങ്ങൾ

1. പുഴയുടെ നീർത്തടത്തിൽ മഴക്കാലത്ത് ജലം സംഭരിച്ചു നിർത്തുന്നതിന് സഹായകരമായിരുന്ന നെൽവയലുകൾ, ചതുപ്പ് പ്രദേശങ്ങൾ എന്നിവ ഏറെക്കുറേ പൂർണ്ണമായും ഇല്ലാതായതും വൃഷ്ടി പ്രദേശങ്ങളിൽ വൃക്ഷങ്ങളുടെ സാന്ദ്രത കുറഞ്ഞതും കുളങ്ങൾ പലതും അപ്രത്യക്ഷമായ തും ഉള്ള കുളങ്ങൾ തന്നെ പരിപാലനക്കുറവുകൊണ്ട് ജല സംഭരണ ശേഷി കുറഞ്ഞവയായതും മഴക്കാലത്ത് പുഴയി ലേയ്ക്കുള്ള നീരൊഴുക്ക് വർദ്ധിപ്പിച്ചു.
2. പുഴകളുടെ തീരത്തുള്ള നിർമ്മിതികളുടെ വിസ്തീർണ്ണം വർദ്ധിച്ചതും പല പ്രദേശങ്ങളും നഗര സ്വഭാവമുള്ളവയാ യതും കൃഷിഭൂമിയുടെ അളവിലുണ്ടായ കുറവും മണ്ണിൽ ജലം താഴുന്നതിനുള്ള സാദ്ധ്യത ഗണ്യമായി കുറച്ചു. ഇത് മഴക്കാല നീരൊഴുക്ക് വർദ്ധിക്കുന്നതിന് കാരണമായി.
3. ഇത്തരത്തിൽ ജലം മണ്ണിലേയ്ക്ക് താഴാത്തതും നെൽവയ ലുകളും കുളങ്ങളും സജീവമല്ലാത്തതും തോടുകളിലെ സ്ഥിരമായ നീരൊഴുക്ക് ഇല്ലാതാക്കി.

## കയ്യേറ്റം

മിക്കവാറും എല്ലാ പുഴകളുടേയും കൈവഴികളുടേയും ഇരു കരകളിലും വ്യാപകമായി കയ്യേറ്റം ദൃശ്യമാണ്. പലസ്ഥല ത്തും അനധികൃത നിർമ്മിതികളും കാണാൻ കഴിയും. അതോ ടൊപ്പം നീരൊഴുക്ക് തടസ്സപ്പെടുന്ന രീതിയിലുള്ള നിർമ്മിതിക ളും കാണാൻ കഴിയും.

## മണലൂറ്റ്

കേരളത്തിൽ വ്യാപകമായ രീതിയിൽ നടന്നിട്ടുള്ള മണ ലൂറ്റ് വലിയ തോതിൽ നദികളുടെ അടിത്തട്ട് താഴുന്നതിനും പുഴകളുടെ ഭൂജല വാഹകശേഷി കുറക്കുന്നതിനും കാരണമാ യിട്ടുണ്ട്.

## നീർച്ചാലുകൾ നികന്നുപോകൽ

ഭൂമിയുടെ ഉപയോഗത്തിൽ വന്ന മാറ്റം, ഭൗമ ഉപരിതല ത്തിലെ ജൈവാവരണത്തിന്റെ ശോഷണം മുതലായവ മണ്ണൊ ലിപ്പ് വലിയ തോതിൽ വർദ്ധിപ്പിക്കുന്നതിനും ഇവ അടിഞ്ഞ് നീർച്ചാലുകൾ നികന്ന് ജല വാഹക ശേഷി കുറയുന്നതിനും കാരണമായി. ഇതു കൂടാതെ പാടങ്ങൾ നികത്തുന്നതിന്റെ യൊപ്പം നികന്നുപോയ നീർച്ചാലുകൾ സുഗമമായ നീരൊഴു ക്കിന് തടസ്സമാകുകയും വെള്ളക്കെട്ടിന് കാരണമാകുകയും ചെയ്തു.

## എന്തു ചെയ്യാൻ കഴിയും

പുഴകളെ മാലിന്യ മുക്തവും ശുദ്ധജല സമ്പന്നവും കയ്യേ റ്റമില്ലാത്തതുമായ ജലസ്രോതസ്സായി പരിപാലിക്കുന്നതിനുള്ള ജനകീയ സംരംഭം സമയ ബന്ധിതമായി നടപ്പാക്കുക എന്ന താണ് നമ്മുടെ ലക്ഷ്യം.

## ഇതിനായി ചെയ്യാവുന്ന പ്രവർത്തനങ്ങൾ

- പുഴയുടെ പരിപാലനത്തിന് ജനകീയ സംരംഭങ്ങൾക്ക് രൂപം നൽകി നടപ്പാക്കുക.

- പുഴയുടെ കൈവഴികളായ നീർച്ചാലുകൾ, തോടുകൾ, അരു വികൾ എന്നിവ കണ്ടെത്തി മാലിന്യ മുക്തമായി നില നിർത്തുക.

- പുഴയിലും കൈത്തോടുകളിലുമുള്ള തടസ്സങ്ങൾ നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുക.

- പുഴയിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുക.

- പുഴയിലേയ്ക്ക് മലിനജലം ഒഴുക്കുന്നത് പൂർണ്ണമായും തടയുക.

- പുഴയുടേയും കൈത്തോടുകളുടെയും തീര സംരക്ഷണത്തിന് ജൈവവേലി, കയർ ഭൂവസ്ത്രം, കല്ലടുക്ക് മുതലായവ സാധ്യമാക്കുക.

- ജലസംഭരണത്തിനും നീരൊഴുക്ക് നിയന്ത്രണത്തിനും വേണ്ടി തടയണകൾ പോലുള്ള നിർമ്മിതികൾ കൃത്യമായ ശാസ്ത്രീയ വിലയിരുത്തലിനുശേഷം സ്ഥാപിക്കുക. (ഇത്തരം നിർമ്മിതികൾക്ക് അനുയോജ്യമായ സ്ഥലത്താണ് ഇവ നിർമ്മിക്കുന്നത് എന്ന് ഉറപ്പാക്കണം)

- പുഴ സംരക്ഷണത്തിനും പരിപാലനത്തിനും ആവശ്യമായ പ്രചാരണവും ബോധവൽക്കരണവും സംഘടിപ്പിക്കുക.

- പുഴ പരിപാലന ജനകീയ കൂട്ടായ്മ പ്രാവർത്തികമാക്കുക. അതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ/ഏജൻസികൾ, സന്നദ്ധ സംഘടനകൾ, മുതലായവയുടെ സംയുക്ത സാധ്യതയും അവസരവും ഉപയോഗിക്കുക.

- പുഴയുമായി ബന്ധപ്പെട്ട ഭൂമിയിലെ കയ്യേറ്റം ഘട്ടം ഘട്ടമായി ഒഴിപ്പിക്കുക.

- സ്ഥിരമായി വെള്ളപ്പൊക്കമുണ്ടാകുന്ന പ്രദേശങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ നിരുത്സാഹപ്പെടുത്തുക.

- പുഴയുടെ തീരങ്ങളിൽ വെള്ളപ്പൊക്ക സാധ്യതയുള്ള സ്ഥലങ്ങൾ അടയാളപ്പെടുത്തുക. ഇവയുടെ മാപ്പുകൾ തയ്യാറാക്കുക.

## പ്രവർത്തന ഘട്ടങ്ങൾ

1. ഹരിതകേരളം മിഷന്റെയും പുഴ പുനരുജ്ജീവന പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുന്ന തൽപ്പരരായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംഘടനകൾ, വ്യക്തികൾ എന്നിവരുടേയും നേതൃത്വത്തിൽ, ബന്ധപ്പെട്ട സാങ്കേതിക സമിതിയുടെ സഹായത്തോടെ പുഴ പുനരുദ്ധാരണത്തിനുള്ള ഒരു കരട് പദ്ധതി രേഖ തയ്യാറാക്കണം.
2. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേധാവികളുടെ യോഗത്തിൽ പരിപാടി വിശദീകരിക്കുന്നു.
3. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണസമിതികളിൽ ചർച്ച.
4. മുഴുവൻ തദ്ദേശ ഭരണ സ്ഥാപനങ്ങളിലേയും ജനപ്രതിനിധികളുടേയും യോഗം ഒരുമിച്ച് വിളിച്ചു ചേർത്ത് ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുന്നു.
5. മന്ത്രിമാർ, എം.എൽ.എ.മാർ, എം.പി.മാർ എന്നിവരുമായി പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്യുന്നു.
6. പുഴയുടേയും പുഴയിൽ വന്നുചേരുന്ന കൈവഴികളുടേയും തൽസ്ഥിതി രേഖപ്പെടുത്തുന്നതിന് വേണ്ടി സർവ്വേ പ്രവർത്തനം, ജല ഗുണനിലവാര പരിശോധന എന്നിവ നടത്തണം.
7. വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കളുമായി ചർച്ച നടത്തണം.
8. പുഴയുടേയും പ്രദേശത്തിന്റെയും സാംസ്കാരിക ചരിത്രം ശേഖരിച്ച് രേഖപ്പെടുത്തുക. പുഴ പുനരുജജീവനത്തിനായി തയ്യാറാക്കുന്ന പദ്ധതിരേഖയിൽ ഇവ ഉൾപ്പെടുത്താം.



9. പുഴയെക്കുറിച്ച് മുൻപ് ഏതെങ്കിലും പഠനം നടത്തിയിട്ടുണ്ടെങ്കിൽ അവയിലെ വിവരങ്ങളും മുകളിൽ പറഞ്ഞ രീതിയിൽ ശേഖരിച്ച വിവരങ്ങളും ഉൾപ്പെടുത്തി വിശദമായ പദ്ധതിരേഖ തയ്യാറാക്കണം. പുഴ വീണ്ടെടുക്കലുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വിജയകരമായി നടപ്പിലാക്കിയ പരിപാടികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ അനുയോജ്യമായവ ഇതിൽ ഉൾപ്പെടുത്താം.
10. എല്ലാ വിഭാഗങ്ങളുടേയും പ്രാതിനിധ്യം ഉറപ്പാക്കി വിപുലമായ ഒരു കൺവെൻഷൻ വിളിച്ചു ചേർക്കണം.
11. പ്രസ്തുത കൺവെൻഷനിൽവച്ച് വിപുലമായ ഒരു സംഘാടക സമിതിയ്ക്ക് രൂപം നൽകാവുന്നതാണ്.
12. തുടർന്ന് എല്ലാ തദ്ദേശഭരണ സ്ഥാപനതലത്തിലും കൺവെൻഷനുകൾ സംഘടിപ്പിക്കാവുന്നതാണ്. ഈ കൺവെൻഷനുകളിൽനിന്നും തദ്ദേശ ഭരണ സ്ഥാപനതല സംഘാടക സമിതികൾ രൂപീകരിക്കാം.
13. ഇതിനെ തുടർന്ന് പുഴയൊഴുകുന്ന പ്രദേശങ്ങളിലും കൈവഴികളുടെ (തോടുകൾ) പ്രദേശങ്ങളിലും പ്രാദേശിക കൺവെൻഷനുകൾ സംഘടിപ്പിക്കാം.
14. ഈ കൺവെൻഷനുകളിൽ പ്രാദേശിക സംഘാടക സമിതികൾക്ക് രൂപം നൽകാം.
15. ഈ പ്രാദേശിക സംഘാടക സമിതികളുടെ പ്രാരംഭപ്രവർത്തനമായി അതാത് പ്രദേശത്തെ ചെറുതോടുകളും നീർച്ചാലുകളും ശുചിയാക്കുന്ന പ്രവൃത്തികൾ ഏറ്റെടുക്കാം.



16. പ്രാദേശിക സംഘാടക സമിതി ചെയർമാൻ, കൺവീനർ എന്നിവരെക്കൂടി ഉൾപ്പെടുത്തി തദ്ദേശ സ്ഥാപനതല സംഘാടക സമിതിയും തദ്ദേശഭരണ സ്ഥാപനതല സമിതി ചെയർ പേഴ്സൺ, കൺവീനർ എന്നിവരെക്കൂടി ഉൾപ്പെടുത്തി പുഴ സംരക്ഷണ സംഘാടക സമിതിയും വിപുലപ്പെടുത്താം.
17. പരസ്പര ആശയ വിനിമയത്തിന് നവമാധ്യമങ്ങളുടെ സാദ്ധ്യതകൾ പരിഗണിക്കാവുന്നതാണ്.
18. വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വത്തിൽ പ്രാദേശിക പാർട്ടി പ്രവർത്തകരുടെ യോഗം വിളിച്ച് ചേർത്ത് പങ്കാളിത്തം ഉറപ്പാക്കാവുന്നതാണ്.
19. ക്ലബ്ബുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, ഗ്രന്ഥശാലകൾ, കുടുംബശ്രീ, യുവജന സംഘടനകൾ, സന്നദ്ധ സംഘടനകൾ, പാടശേഖര സമിതികൾ എന്നിവയിലെ പ്രവർത്തകരുടെ യോഗം വിളിച്ചുചേർത്ത് പരിപാടികൾ വിശദീകരിക്കുകയും പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യാം.
20. ഒന്നിലധികം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലൂടെ ഒഴുകുന്ന പുഴകൾക്ക് ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ സാങ്കേതിക വിഭാഗം ജില്ലാ മേധാവികളുടെ യോഗം വിളിച്ച് ചേർത്ത് സാങ്കേതിക സഹായ സമിതി രൂപീകരിക്കാവുന്നതാണ്.
21. മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ആരോഗ്യം, പോലീസ്, ഫയർഫോഴ്സ് മുതലായ വകുപ്പുകളുടേയും യോഗം വിളിച്ച് ചേർത്ത് പിന്തുണ ഉറപ്പാക്കണം.
22. **പുഴയെ അറിയാൻ പുഴനടത്തം**–മന്ത്രിമാർ,എം.എൽ.എ.മാർ, എം.പി.മാർ മറ്റു ജനപ്രതിനിധികൾ, ജനനേതാക്കൾ, കുടും



ബശ്രീ, വിവിധ ക്ലബ്ബുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, ഗ്രന്ഥശാലകൾ തുടങ്ങിയവയിലെ പ്രവർത്തകർ, വിദ്യാർത്ഥികൾ, പൊതുജനങ്ങൾ തുടങ്ങി സമസ്ത മേഖലയിലുള്ളവരുടേയും പങ്കാളിത്തമുറപ്പാക്കിക്കൊണ്ട് പുഴയുടെ സംഗമസ്ഥാനം മുതൽ ഉത്ഭവസ്ഥാനം വരെ പുഴയുടെ ഓരത്തുകൂടി പുഴയെ അടുത്തറിയുന്നതിനുവേണ്ടി ഒരു പുഴ നടത്തം നടത്തുകയെന്നത് ഏറ്റവും പ്രധാനമാണ്.

23. **പുഴയോർമ്മ ഡോക്യുമെന്റേഷൻ**–പുഴയോരത്ത് താമസിച്ചിരുന്നവരും മുൻകാലങ്ങളിൽ പുഴ ഉപയോഗിച്ചിരുന്നവരുമായ പ്രായം ചെന്നവർ അവരുടെ കുട്ടിക്കാലത്ത് പുഴയെപ്പറ്റിയുള്ള ഓർമ്മയും പുഴയുമായിട്ടുള്ള അവരുടെ ബന്ധവും



പങ്കുവയ്ക്കുകയും അവ ഡോക്യുമെന്റ് ചെയ്യുകയും ചെയ്യാം. പ്രാദേശിക സമിതികളുടെ നേതൃത്വത്തിൽ പ്രാദേശികമായിട്ടാണ് ഇത് സംഘടിപ്പിക്കേണ്ടത്.

24. **ഏകദിന ശുചീകരണ യജ്ഞം**–പുഴ ശുചിയാക്കുന്നതിനായി ജനകീയമായും സന്നദ്ധ പ്രവർത്തനമായും ഒരു ഏകദിന ശുചീകരണ യജ്ഞം സംഘടിപ്പിക്കാം.

- കാഴ്ചക്കാരില്ലാത്ത ഈ പരിപാടിയിൽ മുഴുവൻ പേരെയും

പങ്കാളികളാ ക്കിക്കൊണ്ട് ചിട്ടയായ പ്രവർത്തനം സംഘ ടിപ്പിക്കാൻ കഴിയണം.

- ഓരോ പ്രാദേശിക സമിതിയ്ക്കും ശുചീകരണം നടത്തുന്ന തിനായി നിശ്ചിത ഭാഗം വേർതിരിച്ച് നൽകണം.
- പോലീസ്, ഫയർഫോഴ്സ്, ആരോഗ്യ പ്രവർത്തകർ (ആംബു ലൻസ് സംവിധാനം ഉൾപ്പെടെ) എന്നിവരുടെ സേവനം എല്ലാ സ്ഥലത്തും ഉറപ്പാക്കണം.
- ആഴം കൂടിയ സ്ഥലങ്ങൾ നേരത്തേ അടയാളപ്പെടുത്തി സൂചനാ ബോർഡുകൾ സ്ഥാപിക്കുകയും ഇവിടങ്ങളിൽ ആവശ്യമായ വോളന്റിയർമാരെ ചുമതലപ്പെടുത്തുകയും വേണം.
- പ്രഭാത ഭക്ഷണവും ഉച്ചഭക്ഷണവും പ്രാദേശിക സമിതി കൾ തയ്യാറാക്കി നൽകുന്നത് ഉചിതമായിരിക്കും. ഇതി നുള്ള സാമ്പത്തികവും ഉല്പന്നങ്ങളും പ്രാദേശികമായി കണ്ടെത്തുന്നതാണ് കൂടുതൽ അഭികാമ്യം.
- ആഴം കൂടിയ സ്ഥലങ്ങളിൽ ഫയർഫോഴ്സിന്റെ കൂടി



സഹായത്തോടെ ശുചീകരണ പ്രവർത്തനങ്ങൾ നടത്താൻ ശ്രമിക്കണം.

- എല്ലാ സ്ഥലത്തും പ്രതിജ്ഞ ചൊല്ലി ഫ്ളാഗ് ഓഫ് നടത്തി ഒരേ സമയം തന്നെ ശുചീകരണ യജ്ഞം ആരംഭിക്കുന്നത് പങ്കെടുക്കുന്നവരിൽ ആവേശമുണ്ടാക്കാൻ സഹായിക്കും.

- പങ്കെടുക്കുന്നവർക്ക് ആവശ്യമായ ഗ്ലൗസ് ഉൾപ്പെടെയുള്ള സുരക്ഷാ സംവിധാനങ്ങളും പണി ഉപകരണങ്ങളും മുൻകൂട്ടി ഉറപ്പാക്കണം.

## തുടർ പ്രവർത്തനങ്ങൾ

1. പുഴയിലേക്ക് മാലിന്യം വലിച്ചെറിയുന്നത് തടയു ന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അനുയോജ്യ സ്ഥലങ്ങളിൽ സി.സി.റ്റി.വി. ക്യാമറകൾ സ്ഥാപിക്കുക.
2. കശാപ്പുകേന്ദ്രങ്ങൾ, ചന്തകൾ എന്നിവിടങ്ങളിൽ ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുക.
3. പുഴയിലേയ്ക്ക് (ഓടകളിലേയ്ക്കും) മലിനജലം ഒഴുക്കി വിടുന്നത് ജനകീയ ഇടപടലുകളിലൂടെ നിരുൽസാഹപ്പെടുത്തുക.
4. സോക് പിറ്റുകൾ സ്വയം നിർമ്മിക്കുന്നതിന് പ്രേരിപ്പിക്കുക. ആവശ്യമായ സാങ്കേതിക ഉപദേശം നൽകുക.
5. തുടർന്നും പുഴയിലേയ്ക്ക് മലിനജലം ഒഴുക്കി വിടുന്ന സാഹചര്യമുണ്ടായാൽ നിയമ നടപടികൾ സ്വീകരിക്കുക.
6. പുഴയുടെ സംരക്ഷണത്തിനാവശ്യമായ നിർമ്മിതികളും ജലസംഭരണത്തിനും നീരോഴുക്ക് നിയന്ത്രണത്തിനും ആവശ്യമായ സംഭരണികളും നിർമ്മിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നതിനും പ്രവൃത്തികൾ തീരുമാനിക്കുന്നതിനുമുള്ള രണ്ടാം ഘട്ട പ്രവർത്തനങ്ങൾ സാങ്കേതിക സമിതിയുടെ നേതൃത്വത്തിൽ ആരംഭിക്കുക. (പരമാവധി ജൈവ രീതിയിലുള്ള സംരക്ഷണ മാർഗ്ഗങ്ങൾക്ക് പ്രാമുഖ്യം നൽകുക).
7. പുഴയുമായി ബന്ധപ്പെട്ട ഭൂമി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെ സർവ്വേ ചെയ്ത് അതിർത്തി അടയാളപ്പെടുത്തുക.
8. കയ്യേറ്റ ഭൂമിയിൽ നിർമ്മിതികൾ ഉണ്ടെങ്കിൽ അവ ഘട്ടം

ഘട്ടമായി ഒഴിവാക്കണം

9. ഇത്തരത്തിൽ കണ്ടെത്തിയ ഭൂമിയുടെ സംരക്ഷണം ഉറപ്പാക്കുന്നതിനായി വിനോദസഞ്ചാരം, ജൈവ ഉദ്യാന ങ്ങൾ മുതലായവയുടെ സാധ്യതകൾ പരിശോധിക്കാം. സാധ്യമായ ഇടങ്ങളിൽ പരമാവധി വൃക്ഷങ്ങൾ നട്ടുപിടി പ്പിക്കാം.
10. ഇതിനായി സാധ്യമായ ഇടങ്ങളിലെല്ലാം പുഴയോടനുബ ന്ധിച്ചുള്ള പൊതുഭൂമിയിൽ ആവശ്യമായ സംവിധാന ങ്ങൾ ഒരുക്കിക്കൊണ്ട് വിനോദത്തിനും വിശ്രമത്തിനും വ്യായാമത്തിനുമുള്ള പൊതു ഇടമായി മാറ്റുകയും പ്രാദേ ശിക സമിതികളുടെ നേതൃത്വത്തിൽ അവയുടെ തുടർ പരി പാലനം ഉറപ്പാക്കുകയും ചെയ്യുക.
11. വ്യക്തികളോ സ്ഥാപനങ്ങളോ അനധികൃതമായി പുഴയിലെ ജലം വർദ്ധിച്ച തോതിൽ ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽ പെട്ടാൽ അത് നിരുൽസാഹപ്പെടുത്തുകയും തുടരുന്ന പക്ഷം നിയമനടപടികൾ സ്വീകരിക്കുകയും വേണം.
12. പുഴയിൽ ലഭ്യമായ ജലം ഉപയോഗിച്ച്കൊണ്ട് നദീതടപ്ര ദേശത്ത് നെൽകൃഷിയുൾപ്പെടെ സാധ്യമായ എല്ലാത്തരം കൃഷിയും കൂടുതൽ സ്ഥലത്തേയ്ക്ക് വ്യാപിപ്പിക്കാം.
13. പുഴയുടെ മുഴുവൻ വൃഷ്ടിപ്രദേശത്തും ആവശ്യമായ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു കൊണ്ടും കൈവഴികളുടെ സമഗ്ര സംരക്ഷണം ഉറപ്പാ ക്കിക്കൊണ്ടും മുഴുവൻ സൂക്ഷ്മ നീർത്തടങ്ങളിലും നീർ ത്തടാടിസ്ഥാനത്തിലുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കാം. ഇതിനായി ഹരിതകേരളം മിഷന്റെ ഭാഗമായി രൂപീകരിച്ച സാങ്കേതിക സമിതികളുടെ നേതൃത്വത്തിൽ തയ്യാറാക്കിയി ട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനതല നീർത്തട പ്ലാനുകൾ ഉപയോഗിക്കാം.
14. നദികളിൽ വെള്ളപ്പൊക്ക മാപ്പിങ് നടത്തി നദിയുടെ ഇരു കരകളിലേയും ഭൂമിയുടെ ഉപയോഗം സംബന്ധിച്ച് കൃത്യ മായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി നടപ്പിലാക്കാം.

## സംഘാടനം

ഈ പ്രവർത്തനങ്ങൾ നടത്തുന്നതിനായി പുഴ സംരക്ഷണ സംഘാടക സമിതി മുതൽ പ്രാദേശിക സംഘാടക സമിതി കൾ വരെ അനേകം തവണ യോഗം ചേരേണ്ടിവരും. ചിട്ട യായ ആസൂത്രണം ഇതിന് അത്യാവശ്യമാണ്. പ്രാദേശിക സംഘാടക സമിതികളുടെ ഓരോ യോഗത്തിന്റേയും അജണ്ട,

അതിന്റെ സംഘാടനം എന്നിവ സംബന്ധിച്ച് പുഴ സംരക്ഷണ സംഘാടക സമിതിയ്ക്ക് വ്യക്തമായ ധാരണ വേണം.

## പ്രചാരണം

പുഴ സംരക്ഷണ സംഘാടക സമിതിയുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ ബോർഡ്, നോട്ടീസ് എന്നിവ വഴിയുള്ള പ്രചാരണം സംഘടിപ്പിക്കാം. പ്രാദേശിക സമിതികളുടെ നേതൃത്വത്തിൽ ബോർഡുകൾ, പോസ്റ്റർ എന്നിവ തയ്യാറാക്കി പ്രദർശിപ്പിക്കാം, സ്ക്വാഡ് പ്രവർത്തനം സംഘടിപ്പിക്കാം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മൈക്ക് അനൗൺസ്മെന്റ് നടത്താവുന്നതാണ്. ശുചീകരണ ദിവസം മുതിർന്നവരുടേയും കുട്ടികളുടേയും നാടൻ പാട്ട് സംഘങ്ങളുടെ പര്യടനം പോലുള്ള പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. പ്രചാരണത്തിനായി നവ മാധ്യമങ്ങളുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്താം.

**കലാജാഥ**-പുഴയുടെയും നാടിന്റെയും ചരിത്രം, പുഴയുടെ പ്രാധാന്യം മാലിന്യമുക്തമാകേണ്ടതിന്റെയും അതേപടി സൂക്ഷിക്കേണ്ടതിന്റെയും ആവശ്യം എന്നിവ വ്യക്തമാക്കുന്ന തരത്തിൽ യുവാക്കൾ, വനിതകൾ, കുട്ടികൾ എന്നിവരുടെ സംഘങ്ങൾക്ക് പരിശീലനം നൽകി കലാജാഥകൾ സംഘടിപ്പിക്കാം.



## പുഴയെ..പുനരുജ്ജീവിപ്പിക്കുന്നതിനും അതിനെ അതേ പടി നിലനിർത്തുന്നതിനും  ഒരു വ്യക്തി എന്ന നില യിൽ എന്ത് ചെയ്യാനാകും?

- പുഴയെ മാലിന്യമുക്തമാക്കുന്ന ജനകീയ പ്രവർത്തനങ്ങ ളിൽ പങ്കാളിയാകാം.
- പുഴസംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിന് മറ്റുള്ളവരെ പ്രേരിപ്പിക്കാം.
- പുഴയിലേയ്ക്ക് മാലിന്യം വലിച്ചെറിയാതിരിക്കാം, അങ്ങനെ ചെയ്യുന്നവരെ അതിൽ നിന്നും പിൻതിരി പ്പിക്കാം.
- മാലിന്യ നിക്ഷേപത്തെക്കുറിച്ച് അധികാരികൾക്ക് അറിയിപ്പ് നൽകാം.
- വീട്ടിലെ മാലിന്യങ്ങൾ തോടുകളിലോ, നീർച്ചാലുകളിലോ, പറമ്പിലോ വലിച്ചെറിയാതിരിക്കാം.
- നമ്മൾ പറമ്പിലും തോടുകളിലും വലിച്ചെറിയുന്ന മാലിന്യം മഴവെള്ളത്തോടൊപ്പം ഒഴുകി പുഴയിലെത്തും എന്ന് ഓർമ്മിക്കുക. അത്തരത്തിൽ മാലിന്യം അലക്ഷ്യമായി പുറംതള്ളാതിരിക്കുക.
- വീടുകളിലെ കക്കൂസ് മാലിന്യങ്ങൾ, മലിനജലം മുതലാ യവ പുഴകളിലും തോടുകളിലും നീർച്ചാലുകളിലും ഓടക ളിലേയ്ക്കും ഒഴുക്കി വിടുന്നില്ല എന്ന് ഉറപ്പാക്കുക.
- മലിനജലം അതാത് പുരയിടത്തിൽ തന്നെ കുഴി നിർമ്മിച്ച് (സോക് പിറ്റുകൾ) അതിൽ ശേഖരിച്ച് മണ്ണിലേയ്ക്ക് താഴാൻ അനുവദിക്കുക.
- ഇത്തരത്തിൽ സെപ്റ്റിക് ടാങ്ക്, സോക്പിറ്റ് എന്നിവ നിർ മ്മിക്കുവാൻ സാമ്പത്തിക ബുദ്ധിമുട്ട് ഉള്ളവർക്ക് വേണ്ട സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വ ത്തിൽ ഉറപ്പാക്കുക. ഗ്രാമസഭ, വാർഡ് സഭ, തീരുമാനങ്ങൾ ഇതിന് അനുഗുണമാക്കുക.

- നമ്മുടെ പുരയിടത്തിൽ പെയ്തുവീഴുന്ന മുഴുവൻ വെള്ളവും പുരയിടത്തിൽ തന്നെ താഴുന്നു എന്ന് ഉറപ്പാക്കുക. (മുറ്റത്ത് വിരിയ്ക്കാറുള്ള ടെയിലുകൾക്കടിയിൽപ്പോലും കുഴികൾ നിർമ്മിച്ച് ജലം ശേഖരിച്ച് മണ്ണിലേയ്ക്ക് താഴ്ത്താൻ കഴിയും.)

- കിണർ, കുളം എന്നിവയിൽ റീചാർജ്ജിംഗ് സംവിധാനങ്ങൾ ഉറപ്പാക്കുക.



- പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ വലിച്ചെറിയാതെ തരം തിരിച്ച് സൂക്ഷിക്കുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള ശേഖരണ കേന്ദ്രങ്ങളെ ഏൽപ്പിക്കുക.

- അഴുകുന്ന മാലിന്യങ്ങൾ വലിച്ചെറിയാതെ ഉറവിടത്തിൽ തന്നെ സംസ്കരിക്കുക.

- ഇതിനായി കമ്പോസ്റ്റ് യൂണിറ്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, കമ്പോസ്റ്റ് കുഴികൾ എന്നിവയിൽ ഏതെങ്കിലുമൊന്ന് സ്ഥാപിക്കുക.

- കുളങ്ങൾ വൃത്തിയാക്കി പരമാവധി ജലം ശേഖരിച്ച് നിർത്തുക.

- കുളങ്ങൾ മാലിന്യ മുക്തമാക്കുക.
- സ്വകാര്യഭൂമിയിലെ ഉപേക്ഷിക്കപ്പെട്ട കിണറുകൾ (പൊട്ടകിണറുകൾ) വൃത്തിയാക്കി മഴവെള്ളം ശേഖരിച്ച് മണ്ണിലേയ്ക്ക് താഴ്ത്തുന്നതിനുള്ള കുഴികളായി ഉപയോഗിക്കുക.

## പൊതു-സ്വകാര്യ സ്ഥാപനങ്ങളിൽ ചെയ്യേണ്ട കാര്യങ്ങൾ

- സ്ഥാപനങ്ങളിൽ ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കുക.
- പെയ്തുവീഴുന്ന ഒരു തുള്ളി ജലം പോലും സ്ഥാപനങ്ങളുടെ ഭൂമിയിൽ നിന്നും പുറത്തേയ്ക്ക് ഒഴുകി പോകുന്നില്ല എന്ന് ഉറപ്പാക്കുക. അതാത് പുരയിടങ്ങളിൽ മഴവെള്ളം മണ്ണിലേക്ക് താഴുന്നു എന്ന് ഉറപ്പുവരുത്തുക.
- സ്ഥാപനങ്ങളുടെ കിണറുകൾക്ക് സമീപമായി ചെറുകിണറുകൾ നിർമ്മിച്ച് ഇതിലേയ്ക്ക് മഴ വെള്ളം സംഭരിച്ച് മണ്ണിൽ താഴ്ത്തുക.
- കിണറുകൾ ഇല്ലാത്ത സ്ഥലങ്ങളിലും കുഴികൾ നിർമ്മിച്ച് റീചാർജ്ജ് ചെയ്യാം.
- ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഓരോ സ്ഥാപനത്തിനും അനുയോജ്യമായ രീതികൾ അവലംബിക്കുക.
- അജൈവ മാലിന്യം തരംതിരിച്ച് സൂക്ഷിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള ശേഖരണ കേന്ദ്രങ്ങൾക്ക് കൈമാറുക.
- പരിസരം കാടുപിടിച്ച് കിടക്കുന്നത് ഒഴിവാക്കാൻ അധികമുള്ള ഭൂമിയിൽ പച്ചക്കറി കൃഷി നടത്തുക. കൂടുതൽ സ്ഥലം ഉണ്ടെങ്കിൽ വൃക്ഷവൽക്കരണം നടത്താം.
- മലിനജലം സോക്പിറ്റുകൾ നിർമ്മിച്ച് ശേഖരിക്കുക.

## വ്യാപാര സ്ഥാപനങ്ങൾ/ഹോട്ടലുകൾ/കല്യാണ മണ്ഡപങ്ങൾ ഫാക്ടറികൾ എന്നിവ ചെയ്യേണ്ടത്

- ഇവിടെ നിന്നുമുള്ള മലിനജലം ഓടകൾ, നീർച്ചാലുകൾ, തോടുകൾ, പുഴകൾ എന്നിവയിലേയ്ക്കൊന്നും ഒഴുക്കി വിടുന്നില്ല എന്ന് ഉറപ്പ് വരുത്തണം.
- അങ്ങനെ ശ്രദ്ധയിൽ പെട്ടാൽ തിരുത്താൻ ശ്രമിക്കുക.
- മലിന ജലം സോക്പിറ്റ് നിർമ്മിച്ച് ശേഖരിച്ച് ഭൂമിയിൽ താഴ്ത്തുക.
- അപകടകരവും മാലിന്യത്തോത് കൂടിയ തരത്തിലുമുള്ള മലിനജലം യുക്തമായ സംസ്കരണ സംവിധാനമൊരുക്കി ശുദ്ധീകരിച്ച് മാലിന്യമുക്തമാണെന്ന് ഉറപ്പാക്കി പുനരുപ യോഗിക്കുകയോ റീച്ചാർജ്ജിംഗിന് ഉപയോഗിക്കുകയോ ചെയ്യുക.

## ഫ്ളാറ്റുകൾ, കെട്ടിട സമുച്ചയങ്ങൾ എന്നി വിടങ്ങ ളിൽ ചെയ്യേണ്ടത്

- ജൈവ മാലിന്യം സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉറപ്പാക്കുക
- അജൈവ മാലിന്യം തരം തിരിച്ച് കൈമാറുക
- സെപ്റ്റിക് ട്രീറ്റ്മെന്റ് പ്ലാന്റുകൾ തീർച്ചയായും ഉണ്ടാകണം, പ്രവർത്തിപ്പിക്കണം.
- മലിനജലം ശുദ്ധീകരിച്ച് പുനരുപയോഗിക്കുന്ന സംവിധാനം വേണം.
- പൂർണ്ണമായും ശുദ്ധമാണ് എന്ന് ഉറപ്പാക്കി മാത്രം പൊതു സ്രോതസ്സുകളിലേയ്ക്ക് അധികജലം ഒഴുക്കി വിടാം.

## തദ്ദേശ ഭരണസ്ഥാപനങ്ങളിൽ ചെയ്യേണ്ടത്

- ജലമലിനീകരണ വിരുദ്ധ ബോധവൽക്കരണം, ശുദ്ധജല പരിപാലന പ്രചാരണം മുതലായവ സംഘടിപ്പിക്കുക.
- കുളങ്ങൾ, തോടുകൾ, നീർച്ചാലുകൾ, പുഴ എന്നിവ മലിനീകരണ മുക്തവും കയ്യേറ്റ രഹിതവുമായി പരിപാലിക്കപ്പെടുന്നു എന്ന് ഉറപ്പാക്കുക.
- നിയമാനുസൃതവും നിശ്ചിത, സുരക്ഷിത അകലം പാലിച്ചുകൊണ്ടുമാണ് എന്ന് ഉറപ്പാക്കി മാത്രം പുഴയോരത്തെ നിർമ്മിതികൾക്ക് നിർമ്മാണ അനുമതി നൽകുക.
- ഫ്ളാറ്റുകൾ, കെട്ടിടസമുച്ചയങ്ങൾ, കല്യാണ മണ്ഡപങ്ങൾ എന്നിവയിൽ ആവശ്യമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പാക്കുക.
- നിയമ ലംഘനങ്ങൾ തടയുക.
- മലിനീകരണം സൃഷ്ടിക്കുന്നവരിൽ നിന്ന് സ്പോട്ട് ഫൈൻ ഈടാക്കുക.
- പൊതു ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെ നിയമനടപടി ഉറപ്പാക്കുക.
- ജലസംരക്ഷണ-പുഴ പരിപാലന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
- പുഴ സംരക്ഷണത്തിനായി പ്രാദേശിക സമിതി/ജാഗ്രതാ സമിതി എന്നിവ രൂപീകരിച്ച് പ്രാവർത്തികമാക്കുക.
- ചരിവ് കുറഞ്ഞ പുരയിടങ്ങളിൽ പെയ്തുവീഴുന്ന മുഴുവൻ വെള്ളവും പുരയിടത്തിൽ തന്നെ താഴ്ത്തുന്നതിന് ആവശ്യമായ നിർമ്മിതികൾ (മഴക്കുഴികൾ, കല്ല് കയ്യാലകൾ മുതലായവ) തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നിർമ്മിക്കുക.
- ഉപേക്ഷിക്കപ്പെട്ട കരിങ്കൽ ക്വാറികളിൽ ശേഖരിക്കപ്പെട്ടി

ട്ടുള്ള ജലം കുഴി കളിലേയ്ക്ക് റീചാർജ്ജ് ചെയ്ത് പരിസരപ്രദേശത്തെ കിണറുകളിലേയും കുളങ്ങളിലേയും ജലലഭ്യത ഉറപ്പാക്കാം.

- റോഡിനോട് ചേർന്നുള്ള ഓടകൾ മഴവെള്ളം ഒഴുകിപ്പോകുന്നതിനുള്ളതാണ്. അതിലേയ്ക്ക് മലിന ജലം ഒഴുക്കിവിടാതിരിക്കുക. ഇത്തരത്തിൽ ചെയ്യുന്നവരെ അങ്ങനെ ചെയ്യാതിരിക്കാൻ പ്രേരിപ്പിക്കുക. വീണ്ടും തുടരുന്ന പക്ഷം അധികാരികളെ അറിയിക്കുക. പ്രാദേശിക പ്രേരണയിലൂടെ അത്തരം നടപടികൾ തടയുക. തുടർന്ന് നിയമ നടപടികൾ.

- തോടുകളിൽ താൽകാലിക തടയണകൾ നിർമ്മിച്ച് പരമാവധി വെള്ളം ശേഖരിച്ച് നിർത്തുക.

- പൊതു കിണറുകൾ എല്ലാം ഉപയോഗക്ഷമമാക്കുക.


- അറവു ശാലകളിൽ നിന്നുള്ള മലിന ജലം സെപ്റ്റിക് ടാങ്കുകളോ, സെപ്റ്റിക് ട്രീറ്റ്മെന്റ് പ്ലാന്റുകളോ നിർമ്മിച്ച് ശുദ്ധീകരിക്കുക.

- ജലമലിനീകരണ നിയന്ത്രണ-ശുദ്ധജല സംരക്ഷണ പ്രവൃത്തികൾ നടപ്പാക്കി അതിനാവശ്യമായ ചെലവ് മലിനീകരണത്തിന് ഉത്തരവാദികൾ ആയവരിൽ നിന്നും ഈടാക്കുക.


- പുഴ സംരക്ഷണ പദ്ധതിയുടെ അവലോകനവും, നിരീക്ഷണവും, പരിഷ്കരണവും നടപ്പാക്കുക.

## പുഴ സംരക്ഷണ സംഘാടക സമിതി ഘടനയും നിർവ്വഹണവും

*(ഇത് ചിട്ടയായ പ്രവർത്തന നിർവ്വഹണത്തിനു വേണ്ടിയുള്ള ഒരു നിർദ്ദേശം മാത്രമാണ്. ഇത് അതേപടി നടപ്പിലാക്കേണ്ടതില്ല. പ്രാദേശിക പ്രത്യേകതകൾക്കനുസരിച്ച് മുഴുവൻ ജനങ്ങളേയും ഈ പ്രവർത്തനങ്ങളിൽ കണ്ണികളാക്കുന്നതിനും ഫലപ്രദമായ നിർവ്വഹണത്തിനും ആവശ്യമായ എന്ത് മാറ്റവും വരുത്താം.)*




**ജലവിഭവ (ജി&പി) വകുപ്പിന്റെ 23.20.2017 ലെ സ.ഉ. (അച്ചടി) നമ്പർ 20/2017 ജ.വി.വ. നമ്പർ സർക്കാർ ഉത്തരവ്പ്രകാരം ജില്ലാ ബ്ലോക്ക്, തദ്ദേശസ്ഥാപന തലങ്ങളിൽ രൂപീകൃതമായിട്ടുള്ള സാങ്കേതിക സമിതികൾ.*


ബഹുജന കൺവെൻഷൻ
തദ്ദേശഭരണ സ്ഥാപനതല കൺവെൻഷൻ
പ്രാദേശിക കൺവെൻഷൻ
പ്രായോഗിക പ്രവർത്തനങ്ങൾ
തൽസ്ഥിതി പഠനം ഏകദിന സർവ്വേ
ജലഗുണനിലവാര പരിശോധന
പുഴയറിവ് നടത്തം
പുഴയോർമ്മ ഡോക്യുമെന്റേഷൻ
ഒറ്റത്തവണ ശുചീക രണ യജ്ഞം
നിരീക്ഷണം പരിപാലനം
വൃക്ഷവൽക്കരണം ജൈവവേലി
മണ്ണ് ജല സംരക്ഷണ നിർമ്മിതികൾ
കൃഷിവ്യാപനം
വെബ്സൈറ്റ്/വാട്ട്സ് ആപ്പ്/നവമാധ്യമം
കലാജാഥ

## സംസ്ഥാനത്തിൽ നടപ്പിലാക്കിയ പ്രധാനപ്പെട്ട ചില പുഴ വീണ്ടെ ടുക്കൽ പ്രവർത്തനങ്ങൾ

### 1. ആദി പമ്പ-വരട്ടാർ സംരക്ഷണം

- പൂർണ്ണമായും നികന്നുപോയ പുഴയെ പുനരുജ്ജീവിപ്പിക്കുന്നതിന് വേണ്ടി നടന്ന ജനകീയ പ്രവർത്തനം.
- സംസ്ഥാനത്ത് തുടർന്ന് നടപ്പിലാക്കിയ പുഴ വീണ്ടെടുക്കൽ പ്രവർത്തനങ്ങൾക്ക് ഊർജ്ജവും മാർഗ്ഗദർശകവുമായ പദ്ധതി.
- ആവേശമുണർത്തിക്കൊണ്ട് വൻ പങ്കാളിത്തത്തോടെയുള്ള പുഴനടത്തം.
- 9.4 കിലോമീറ്റർ പുഴ വെട്ടിയുണ്ടാക്കി പുനരുജ്ജീവിപ്പിച്ചു.
- അവശ്യമായ സാമ്പത്തികം പ്രാദേശികമായി സ്വരൂപിച്ചു.
- തുടർ പ്രവർത്തനങ്ങൾക്ക് കൃത്യമായ ആസൂത്രണം.

### 2. മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ സംയോജന പദ്ധതി

- കോട്ടയം ജില്ലയിലെ 8 ഗ്രാമപഞ്ചായത്തും ഒരു മുനിസിപ്പാലിറ്റിയും ചേർന്ന പ്രദേശത്ത് നടപ്പിലാക്കിയ പദ്ധതി.
- വിവിധ വകുപ്പുകളുടെ ഏകോപനം മാതൃകാപരമായി സാധ്യമാക്കിക്കൊണ്ട് നടപ്പിലാക്കിയ പദ്ധതി.
- 760 ഏക്കർ നെൽകൃഷി പുനരാരംഭിച്ചു.
- 700 കിലോമീറ്റർ നീളം നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു.
- പുഴയോരത്തെ 22 ഏക്കർ കയ്യേറ്റം ഒഴിപ്പിച്ചു.
- നിലമൊരുക്കലിനും പാർശ്വസംരക്ഷണത്തിനുമായി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ 424290 മനുഷ്യതൊഴിൽ ദിനങ്ങൾ ഉപയോഗിച്ചു.
- 4 ഗ്രാമീണ വിനോദ സഞ്ചാര പദ്ധതികൾ
- എല്ലാപേരും ജലാശയങ്ങളിലേയ്ക്ക് എന്ന ജനകീയ ക്യാമ്പയിൻ.
- മുഴുവൻ വിദ്യാർത്ഥികൾക്കും വേണ്ടിയുള്ള പ്രായോഗിക പരിസ്ഥിതി പഠന വേദിയായി പദ്ധതി പ്രദേശം മാറി.
- ജലസ്രോതസ്സുകൾ ജനകീയമായ ശുചിയാക്കൽ.

### 3. കുട്ടംപേരൂർ പുനരുജ്ജീവനം

- പമ്പയാറിനേയും അച്ചൻകോവിലാറിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന 12 കിലോ മീറ്റർ നീളമുള്ള നദി.
- മാലിന്യ കൂമ്പാരമായി മാറിയ നദിയുടെ ജനകീയ വീണ്ടെടുക്കൽ.
- തൊഴിലുറപ്പ് പദ്ധതിയുടെ കൂടി സാധ്യത ഉപയോഗിച്ചുകൊണ്ട് ആലപ്പുഴ ജില്ലയിലെ ബുധനൂർ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടന്ന ജനകീയ പരിപാടി.
- 3000 മനുഷ്യാധ്വാന ദിനങ്ങൾ
- 5 കിലോമീറ്റർ ചുറ്റളവിലെ ജലഗുണനിലവാര വർദ്ധനവ്.
- ജൈവ വൈവിധ്യ പുനസ്ഥാപനം സാധ്യമായി.

## 4. കാനാമ്പുഴ പുനരുജ്ജീവനം

- കണ്ണൂർ ജില്ലയിലെ അയ്യപ്പൻമലയിൽ നിന്നും ആരംഭിച്ച് ആദികടലായി അഴിമുഖത്ത് അവസാനിക്കുന്ന 10 കിലോമീറ്റർ നീളമുള്ള പുഴ.
- നഗരത്തിന്റെ മാലിന്യ നിക്ഷേപ കേന്ദ്രമായിരുന്ന പുഴ.
- പുഴയിലെ മാലിന്യം സമീപ കിണറുകളും മറ്റു ജലസ്രോതസ്സുകളും മലിനപ്പെടുത്തി.
- പുനരുദ്ധാരണത്തിനായി 9 പ്രാദേശിക ജനകീയ കമ്മിറ്റികൾ രൂപീകരിച്ചു.
- 1000 ത്തോളം പേർ പങ്കെടുത്ത പുഴനടത്തം.
- പുഴയോരത്തെ വീടുകളിലും സ്ഥാപനങ്ങളിലും ദീപം തെളിയിക്കൽ.
- 5000 പേർ അണി നിരന്ന ജനകീയ ശുചീകരണ പരിപാടി.
- പുഴയോര പച്ചപ്പ് എന്ന പേരിൽ 6000 ത്തോളം വൃക്ഷത്തൈകൾ നട്ടു പിടിപ്പിച്ചു
- സാങ്കേതിക സമിതികളുടെ നേതൃത്വത്തിൽ തുടർ സംരക്ഷണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

## 5. വറ്റാത്ത ഉറവയ്ക്കായി ജലസമൃദ്ധി- കാട്ടാക്കട നിയോജക മണ്ഡലം

- നീർത്തടാടിസ്ഥാനത്തിൽ നടപ്പിലാക്കിയ പദ്ധതി.
- വിവിധ ഏജൻസികളുടെ ഏകോപനം സാധ്യമാക്കിക്കൊണ്ട് നടപ്പിലാക്കിയ പദ്ധതി.
- നീർത്തട സംരക്ഷണ യാത്ര.
- ഭൂജല പരിപോഷണം.
- തോടുകളുടെ നവീകരണം.
- ചെറുതോടുകളുടെ നവീകരണം, തടയണ നിർമ്മാണം.
- പൊതു കിണറുകളുടെ റീചാർജ്ജിംഗ്.
- 150 കാർഷിക കുളങ്ങൾ

## 6. കിള്ളിയാർ മിഷൻ

- നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 5 ഗ്രാമ പഞ്ചായത്തുകൾ, നെടുമങ്ങാട് മുനിസിപ്പാലിറ്റി, ജില്ലാ പഞ്ചായത്ത്, ഹരിതകേരളം മിഷൻ എന്നിവയുടെ സംയുക്ത പദ്ധതി.
- ഉത്ഭവം മുതൽ ബ്ലോക്ക് പഞ്ചായത്ത് അതിർത്തി വരെയുള്ള 22 കി.മീ . നീളം പുഴയുടെ പുനരുജ്ജീവന പ്രവർത്തനം.
- 7000 പേർ പങ്കെടുത്ത പുഴ പുനരുജ്ജീവന കൺവെൻഷൻ.
- പ്രാദേശികതലം വരെയുള്ള ജനകീയ കമ്മിറ്റികൾ.
- 3000 പേർ പങ്കെടുത്ത പുഴ നടത്തം.
- 20,000 ത്തോളം പേർ പങ്കെടുത്ത ഏകദിന ശുചീകരണം.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മാലിന്യക്കുഴലുകൾ അടയ്ക്കൽ.
- ഹരിതകേരളം സാങ്കേതിക സമിതികളുടെ നേതൃത്വത്തിൽ തുടർ സംരക്ഷണ പ്രവർത്തനങ്ങൾ.
- പ്രാദേശിക മോണിട്ടറിംഗ് സമിതികൾ.